LIBRARY ARCHIVES Kerala Legislative Assembly

(3) ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നില്ലെന്ന തീരുമാനം സംശയങ്ങൾക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചതിൽ ഞാൻ ആദ്യമായി അങ്ങയോട് നന്ദി പറയുന്നു. 2012 മാർച്ചിൽ നിലവിൽവന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിലെ 56706 ഉദ്യോഗാർത്ഥികളിൽ ഇനി ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ മൂന്നുമാസം മാത്രം ബാക്കിനിൽക്കുമ്പോൾ നിയമനം നൽകാൻ കഴിഞ്ഞത് 9163 പേർക്കാണ്. കഴിഞ്ഞ ലിസ്റ്റിൽനിന്ന് ഏകദേശം 15295 പേർക്ക് നിയമനം കൊടുത്തപ്പോൾ ഇവിടെ 16.1 ശതമാനം പേർക്ക് മാത്രമെ നിയമനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. മാത്രമല്ല, കഴിഞ്ഞ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് 9 മാസത്തെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം കൊടുത്തിരുന്നു. ആ 9 മാസത്തെ ഡിലേകൂടി ഇവർക്ക് ബാധിച്ചതു കൊണ്ട് ഇവർക്ക് ലഭിക്കേണ്ട തൊഴിലവസരങ്ങൾ അത്രയും കുറഞ്ഞിരിക്കുകയാണ്. ആന്റിസിപ്പേറ്ററിയായി മാർച്ച്, ഏപ്രിൽ, മെയ് വരെയുള്ള മാസങ്ങളിലെ ഒഴിവുകൾ കൂടി പരിശോധിച്ച് ഇവർക്ക് നിയമനം നൽകണമെന്ന നിർദ്ദേശം സർക്കാർ ഒരു ഓർഡറായി പുറത്തിറക്കിയിട്ടുണ്ട്. പക്ഷെ, ഇതിന്റെ ഗുണം ഇവർക്ക് ലഭിക്കണമെങ്കിൽ ആറുമാസത്തെയെങ്കിലും സൂപ്പർ ന്യൂമററി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയാലേ ആ ഒരു ഇംബാലൻസ് പരിഹരിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, റിട്ടയർമെന്റ് ഒഴിവുകൾ മാത്രം റിപ്പോർട്ട് ചെയ്താൽ പോര, പ്രൊമോഷന്റെ ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്ത് ഈ ലിസ്റ്റിൽനിന്ന് പരമാവധി പേർക്ക് ജോലി ലഭിക്കുന്നതരത്തിലുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിലവിലുള്ള ഒഴിവുകളെല്ലാം നികത്തുമെന്ന് ഞാൻ പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുണ്ട്. അതു ഞാൻ ഇവിടെ ആവർത്തിക്കുകയാണ്. കാരണം ഇവിടെ നിയമന നിരോധനമില്ല. ഇവിടെ പി.എസ്.സി. ലിസ്റ്റുണ്ടായിട്ടും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതൊരു കുറ്റമായി കണക്കാക്കുമെന്നുതന്നെയാണ് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും കൊടുത്തിട്ടുള്ള നിർദ്ദേശം. ഈ ലിസ്റ്റിൽനിന്നുതന്നെ 14 ജില്ലകളിലേക്കുമുള്ള നിയമനത്തിനായി റിപ്പോർട്ടിംഗ് നടന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 1478 പേരെ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽനിന്ന് 400, 500, 900 എന്ന നിലയിൽ ആളുകളെ നിയമിച്ചിട്ടുണ്ട്. 14 ജില്ലകളുടെയും

ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സമയമെടുക്കുമെന്നുള്ളതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഈ ലിസ്റ്റിൽനിന്ന് കേരളത്തിലൊട്ടാകെ 9095 പേരെ നിയമിച്ചിട്ടുണ്ട്. ഇതിന് തൊട്ടുമുമ്പുള്ള ലിസ്റ്റിന്റെ കാലാവധി നീട്ടിയതുകൊണ്ടാണ് കൂടുതൽ പേരെ ആ കാലത്ത് എടുത്തിട്ടുള്ളതിനാൽ ഇവർക്ക് നഷ്ടം വന്നുവെന്നാണ് പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ നേരത്തെ 6 മാസംമുമ്പുവരെയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ടു, അത് സാധിക്കുകയില്ല. ഏപ്രിൽ, മെയ്, ജൂൺ എന്നീ മൂന്നുമാസങ്ങളിലെ ആന്റിസിപ്പേറ്ററി ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കഴിഞ്ഞു. മെമ്പർ ഇന്ന് ആവശ്യപ്പെടുന്നത് പ്രൊമോഷൻ വേക്കൻസികൂടി റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ എന്നാണ്. പ്രൊമോഷൻ വരുന്നത് ഇംപ്ലിമെന്റ് ചെയ്ത് കഴിഞ്ഞാലേ ഇവിടെ വേക്കൻസി വരികയുള്ളൂ. അതുകൊണ്ട് അത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് എനിക്കറിയില്ല, ഏതായാലും ആ സാദ്ധ്യതകൂടി പരിശോധിക്കുന്നതാണ്.

(4)സാമുദായിക സംവരണം ഏർപ്പെടുത്തൽ

<u>ശ്രീ. പി. ഉബൈദുള്ള :</u>സർ, കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരികയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഉദ്യോഗതലത്തിലും വിദ്യാഭ്യാസത്തിലും സാമൂഹിക നീതി ഉറപ്പാക്കുന്ന സംവരണ നിയമം നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ ഈഴവ, മുസ്ലീം, ലത്തീൻ കത്തോലിക്ക, വിശ്വകർമ്മ, നാടാർ, ധീവര, മറ്റ് പിന്നാക്കസമുദായം, ഒ.ബി.സി., എസ്.സി./എസ്.ടി എന്നീ പിന്നോക്ക വിഭാഗങ്ങൾക്കെല്ലാമായി 50 ശതമാനം സംവരണം നൽകിവരുന്നുണ്ട്. സർക്കാർ സർവ്വീസിനുപുറമെ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിലും പി.എസ്.സി. മാനദണ്ഡങ്ങൾക്കനുസൃതമായി സംവരണതത്വം പാലിക്കപ്പെടുന്നു. ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റാണ് സംസ്ഥാന സഹകരണ ബാങ്കുകളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതെന്ന കാര്യം നാമിവിടെ

LIBRARY ARCHIVES Kerala Legislative Assembly